വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി മാഫിയകൾ സജീവം

തിരൂരങ്ങാടി: പ്രദേശത്തെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി മാഫിയകൾ സജീവം. തിരൂരങ്ങാടിയിലെ ഗവ.ഹയർസെക്കണ്ടറി സ്കൂൾ, ഓറിയന്റൽ ഹയർ സെക്കണ്ടറി സ്കൂൾ, പി.എസ്.എം.ഓ കോളെജ്, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ടൂഷൻ സെന്ററുകൾ തുടങ്ങിയവയിലെ വിദ്യാർഥികളെ ലക്ഷ്യത്തെ വച്ചാണ് കഞ്ചാവ്, മയക്കുമരുന്ന്, മദ്യ മാഫിയകൾ പ്രവർത്തിക്കുന്നത്. തിരൂരങ്ങാടി ഹൈസ്കൂൾ ഗ്രൗണ്ട്,ചെറുമുക്ക് റോഡ്, കക്കാട്,കോളെജ് പരിസരം എന്നിവിടങ്ങളിലാണ് മാഫിയ സജീവമായി പ്രവർത്തിക്കുന്നത്.

ഇതുകൂടാതെ ഹാൻസ്, പാൻപരാഗ്, സ്റ്റാമ്പ് തുടങ്ങി മറ്റുലഹരി വസ്തുക്കളുടെ വിൽപനയും സജീവമാണ്. കക്കാട്, തിരൂരങ്ങാടി, ചെമ്മാട് എന്നിവിടങ്ങളിലെ പാലകടകളിലും നിരോധിത പാൻമസാലകൾ വിൽപനനടത്തുന്നുണ്ട്. വിദ്യാർഥികളെ മാത്രം ലക്ഷ്യം വച്ച് വില്പന നടത്തുന്ന ഇത്തരം കച്ചവടക്കാരിൽനിന്നും വാങ്ങിയാണ് പല വിദ്യാർഥികളും ലഹരിക്ക് അടിമപ്പെട്ടുപോകുന്നത്. വിദ്യാർഥികളെ വലവീശിപ്പിടിച്ച് ലഹരി വസ്തുക്കളുടെ ഇടനിലക്കാരാക്കി മാറ്റുകയും ചെയ്യുന്നുണ്ട്. ആകർഷകമായ തുക കമ്മീഷൻ നൽകിയാണ് ലഹരി മാഫിയയയും, കച്ചവടക്കാരും ഇത് ചെയ്യുന്നത്.

സ്കൂളുകളിൽ നിരവധി കുട്ടികൾ പാൻമസാലകളടക്കമുള്ള ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടതായി അധ്യാപകർ പറഞ്ഞു. കുട്ടികളുടെ രക്ഷിതാക്കളെ സ്കൂളിലേക്ക് വിളിച്ചുവരുത്തി കാര്യങ്ങൾ സൂചിപ്പിച്ചപ്പോഴാണ് രക്ഷിതാക്കൾപോലും ഞെട്ടിക്കുന്ന വിവരങ്ങൾ അറിയുന്നത്.

നേരത്തെ പലകുട്ടികളും അടിമപ്പെട്ടതിനാൽ ലഹരിവിമുക്ത കേന്ദ്രങ്ങളിൽ ദിവസങ്ങളോളം ചികിത്സിച്ചും കൗൺസിലിങ് നൽകിയുമാണ് കുട്ടികളെ ലഹരിയുടെ പിടിയിൽനിന്നും മോചിപ്പിച്ചത്. പലതവണ പൊലിസിലും എക്സൈസിലും പരാതിപ്പെട്ടിട്ടും നടപടി ഉണ്ടാവുന്നില്ലെന്ന് അധ്യാപകരും നാട്ടുകാരും പറയുന്നു.

കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി നടന്ന സ്വാഗതസംഘം രൂപീകരണ യോഗം കോഴിക്കോട് ഡിസിസിയിൽ മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

സിപിഐ ജില്ലാ സമ്മേളനത്തിൽ കാനത്തിനെതിരെ വിമർശനം

കോഴിക്കോട്; സിപിഐ കോഴിക്കോട് ജില്ലാ സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രനും മന്ത്രിമാരായ പി. പ്രസാദ്, കെ. രാജൻ എന്നിവർക്കെതിരെയും രൂക്ഷ വിമർശനം. കാനത്തിന്റെ നിലപാടുകൾ സംശയാസ്പദമാണെന്ന് പ്രതിനിധികൾ വിമർശിച്ചു. മർകസ് നോളജ് സിറ്റി സന്ദർശനം തെറ്റ്. പാർട്ടി ഘടകങ്ങൾ എതിർപ്പ് അറിയിച്ചിട്ടും ഭൂമി സംബന്ധിച്ച് വിവാദങ്ങൾ നിലനിൽക്കുമ്പോൾ സന്ദർശനം നടത്തിയത് ശരിയായില്ല. കാനത്തിനെതിരെ മിക്ക മണ്ഡലം കമ്മിറ്റികളും രൂക്ഷവിമർശനമാണ് ഉന്നയിച്ചത്.

റവന്യൂ വകുപ്പ് അഴിമതിയിൽ മുങ്ങിയിട്ടും കെ.രാജൻ അനങ്ങുന്നില്ല.

മന്ത്രി പി. പ്രസാദ് വള്ളി ചെരിപ്പിട്ട് നടന്നതു കൊണ്ട് കാര്യമില്ല, വകുപ്പ് സമ്പൂർണ്ണ പരാജയമാണെന്നും വിമർശനം ഉയർന്നു.

വാക്ക് തർക്കതിനിടെ ഒരാൾക്ക് കുത്തേറ്റു; പ്രതി ഒളിവിൽ

കോഴിക്കോട്: കൂടരഞ്ഞിയിൽ വാക്ക് തർക്കതിനിടെ കുത്തേറ്റ് ഒരാൾക്ക് ഗുരുതര പരുക്ക്. കൂടരഞ്ഞി സ്വദേശി പൊന്നമ്പേലിൽ ജോയിക്കാണ് (55) കത്തികുത്തിൽ പരുക്കേറ്റത്. മുള്ളനാണിക്കൽ മത്തായി എന്നയാളാണ് കുത്തിയത്.

കുത്തേറ്റ ജോയി മെഡിക്കൽ കോളെജിൽ അത്യാഹിത വിഭാഗത്തിൽ ചികിത്സയിലാണ്. സംഭവത്തിൽ മുള്ളനാണിക്കൽ മത്തായി എന്നയാൾ ഒളിവിലാണ്. മത്തായിക്കായി പൊലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

തളി ക്ഷേത്രത്തിൽ വിനായക ചതുർത്ഥി തെപ്പരഥോത്സവം 27 മുതൽ

കോഴിക്കോട്: തളി ശ്രീ മഹാഗണപതി ശ്രീ ബാലസുബ്രഹ്മണ്യ ക്ഷേത്രത്തിലെ വിനായക ചതുർത്ഥി തെപ്പരഥോത്സവം 27 മുതൽ 31 വരെ വിവിധ വൈദീക- ദൈവീക പൂജാദി കർമ്മങ്ങളോടെ ആഘോഷിക്കുന്നതാണ്.

എല്ലാ ദിവസവും രാവിലെ 4.30ന് മുതൽ അഷ്ടദ്രവ്യക്കൂട്ട് മഹാഗണപതി ഹോമം, ഗജ പൂജ, കാവടി പൂജ, മഹാന്യാസപൂർവ്വം പൂർണ്ണാഭിഷേകം, നാഗപൂജ, നവഗ്രഹ പൂജ, നവഗ്രഹ ഹോമം, മഹാ അലങ്കാരം, മഹാദീപാരാധന എന്നിവ നടക്കുന്നതാണ്. വൈകുന്നേരം ക്രമാർച്ചന, ദീപാരാധന എന്നിവ നടക്കുന്നതാണ്.

ഉത്സവ ദിവസങ്ങളിൽ എല്ലാ ദിവസവും രാവിലെ 7 മണിക്ക് ഗജപൂജ ഉണ്ടായിരിക്കുന്നതാണ്.ഗജപൂജക്കായി 'ഗജശ്രേഷ്ഠൻ' പാക്കത്ത് ശ്രീക്കുട്ടൻ ആണ് എത്തുന്നത്.

തളി ബ്രാഹ്മണ സമൂഹം മുഖ്യ പുരോഹിതൻ രഘു വാദ്ധ്യാരുടെ മുഖ്യ കാർമ്മികത്വത്തിലാണ് പൂജാദി കർമ്മങ്ങൾ നടക്കുക. പൂജാദി കർമ്മങ്ങൾക്കായി ദക്ഷിണേന്ത്യയിലെ പ്രമുഖ വൈദീക ശ്രേഷ്ഠന്മാർ ക്ഷേത്രത്തിൽ എത്തുന്നതാണ്.

വിനായക ചതുർത്ഥി ദിവസം നടക്കുന്ന 'ദേവന്മാരുടെ എഴുന്നള്ള'ത്തിൽ 'ഗജപത്മം' തിരുവാണിക്കാവ് രാജാഗോപാലൻ ദേവഗണപതിയുടെ തിടമ്പേറ്റും. 'ദേവന്മാരുടെ എഴുന്നള്ളത്തിൽ തിലോക കേസരി പാമ്പാടി സുന്ദരൻ, ഗജശ്രേഷ്ഠൻ പാക്കത്ത് ശ്രീക്കുട്ടൻ എന്നീ ഗജവീരന്മാരും അകമ്പടി സേവിക്കും. 'എഴുന്നള്ളത്ത്" രാവിലെ 9 മണിക്ക് ക്ഷേത്രത്തിൽ നിന്ന് ആരംഭിക്കുന്നതാണ്. ഉച്ചക്ക് 12 മണി മുതൽ 2.30 മണി വരെ തളി പത്മശ്രീ കല്യാണ മണ്ഡപത്തിൽ വച്ച് 'പ്രസാദ ഊട്ട്' നടക്കുന്നതാണ്. വൈകുന്നേരം 6ന് 'ദേവന്മാരുടെ പട്ടണപ്രവേശവും' നടക്കുന്നതാണ്. രാത്രി 9.30 മണിക്ക് തളി കുളത്തിൽ ദേവഗണപതിയുടെ തെപ്പരഥോത്സവം നടക്കുന്നതാണ്.

അപേക്ഷ ക്ഷണിച്ചു

കോഴിക്കോട്: ബിപിഎൽ വിഭാഗപ്പെട്ട 18 നും 50 നും മദ്ധ്യേ പ്രായമുള്ള സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിന് 25,000 രൂപ ധന സഹായം നൽകുന്ന മംഗല്യ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷയോടൊപ്പം ആദ്യ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹ ബന്ധം വേർപ്പെടുത്തിയത് സംബന്ധിച്ച കോടതി ഉത്തരവ്, അപേക്ഷകയുടെ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, പുനർ വിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഹാജരാക്കണം. ആവശ്യമായ രേഖകൾ സഹിതം www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള അങ്കണവാടിയുമായോ, ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ശിശു വികസന പദ്ധതി ഓഫീസുമായോ ബന്ധപ്പെടേണ്ടതാണെന്ന് ജില്ലാ വനിതാശിശു വികസന ഓഫീസർ അറിയിച്ചു.

ലൈംഗിക പീഡനവും മർദ്ദനവും യുവാവ് അറസ്റ്റിൽ

തേഞ്ഞിപ്പലം: വിവാഹ വാഗ്ദാനം നൽകി ലൈംഗിക പീഡനത്തിന് ഇരയാക്കുകയും ഭീഷണിപ്പെടുത്തി മർദ്ദിക്കുകയും ചെയ്തുവെന്ന യുവതിയുടെ പരാതിയിൽ യുവാവ് അറസ്റ്റിൽ. പുത്തൂർ പള്ളിക്കൽ അങ്കപ്പറമ്പ് സ്വദേശി കൃഷ്ണ ഹൗസിൽ ശിവപ്രസാദ്(24) നെയാണ് അറസ്റ്റ് ചെയ്തത്. ഇയാളെ പിന്നീട് കോടതി റിമാന്റ് ചെയ്തു. താനൂർ സ്വദേശിനിയുടെ പരാതിയുടെ തുടർന്നാണ് നടപടി. താനൂർ പൊലീസിന് ലഭിച്ച പരാതി തേഞ്ഞിപ്പലം പൊലീസിനു കൈമാറുകയായിരുന്നു. കഴിഞ്ഞ 20-ന് അങ്കപ്പറമ്പിനു സമീപമാണ് പരാതിക്ക് അടിസ്ഥാനമായ സംഭവം നടന്നത്. നേരത്തെ പരിചയമുള്ള യുവതിയെ യുവാവ് ബൈക്കിൽ കയറ്റി അങ്കപ്പറമ്പിനു സമീപത്തെ ആളൊഴിഞ്ഞ വീട്ടിൽ എത്തിച്ച് മർദ്ദിക്കുകയായിരുന്നു. ചില കാര്യങ്ങൾ സംസാരിക്കാനുണ്ടെന്ന് പറഞ്ഞായിരുന്നു യുവതിയെ കൂട്ടികൊണ്ടുവന്നത്. തുടർന്ന് നഗ്ന ചിത്രങ്ങളെടുക്കുമെന്ന് ഭീഷണിപ്പെടുത്തി യുവാവ് ബെൽറ്റുകൊണ്ട് അടിച്ചു. വിവാഹ വാഗ്ദാനം നൽകി യുവാവ് മുൻപ് പല തവണകളിലായി ലൈംഗിക പീഡനത്തിന് ഇരയാക്കിയെന്നും യുവതിയുടെ പരാതിയിലുള്ളതായി പൊലീസ് അറിയിച്ചു. മർദ്ദനത്തിൽ പരിക്കേറ്റ യുവതി ആശുപത്രിയിൽ ചികിത്സ തേടി. യുവതി മറ്റൊരാളുമായി സമൂഹമാധ്യമത്തിൽ ചാറ്റുകൾ ചെയ്യുന്നുവെന്ന് ആരോപിച്ചായിരുന്നു യുവാവ് മർദ്ദിച്ചതെന്നും പൊലീസ് പറയുന്നു. പെരിന്തൽമണ്ണ മജിസ്ട്രേറ്റിനു മുൻപാകെ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

കേളപ്പജിയുടെ 134-മത് ജൻമദിനത്തിൽ ഡി.സി.സി. സംഘടിപ്പിച്ച അനുസ്മരണ ചടങ്ങിൽ പ്രസിഡന്റ് അഡ്വ.കെ.പ്രവീൺ കുമാർ കേളപ്പജി പ്രതിമയിൽ ഹാരാർപ്പണം നടത്തുന്നു

പി. ജയരാജന്റെ പേരിലും 'വ്യാജൻ'; നിരവധി പേരോട് പണം ആവശ്യപ്പെട്ടതായി പരാതി

കണ്ണൂർ: ഖാദി ബോർഡ് വൈസ് ചെയർമാൻ പി. ജയരാജന്റെ പേരിൽ പണം തട്ടാൻ ശ്രമം. വാട്സാപ്പിൽ വ്യാജ പ്രൊഫൈൽ ഉണ്ടാക്കി പണം തട്ടിയെടുക്കാനാണ് ശ്രമിച്ചത്. കൊയിലാണ്ടി സ്വദേശിയുടെ നമ്പർ ഉപയോഗിച്ചാണ് പണം തട്ടിയെടുക്കാൻ ശ്രമിച്ചതെന്നാണ് വിവരം. ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ അഡീഷണൽ പൊലീസ് സുപ്രണ്ടിന് പി. ജയരാജൻ പരാതി നൽകി. പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

നിരവധി പേരോട് പണം ആവശ്യപ്പെട്ടതായാണ് വിവരം. എന്നാൽ ആരെങ്കിലും പണം അയച്ചു കൊടുത്തിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. പൊലീസ് വിശദമായി അന്വേഷിച്ചുവരികയാണ്.

സംരംഭക വർഷത്തിന് ചെറുകിട വ്യവസായികളുടെ പൂർണ്ണ പിന്തുണ

മഞ്ചേരി : ഒരു ലക്ഷം പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരികയെന്ന ലക്ഷ്യവുമായി സംസ്ഥാന സർക്കാർ ഈ സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നു. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള സർക്കാരിന്റെ എല്ലാ പദ്ധതികൾക്കും കേരള സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തു. ഇതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് എം എസ് എം ഇ സമ്മിറ്റ് 2022 ഇൻവെസ്റ്റ് ആൻഡ് മേക്ക് ഇൻ കേരള എന്ന പേരിൽ സംസ്ഥാനതല വ്യവസായ സംഗമം സംഘടിപ്പിക്കും. സെപ്റ്റംബർ 23ന് എറണാകുളം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വിവിധ വകുപ്പ് മന്ത്രിമാർ പങ്കെടുക്കും. ജില്ലാ എക്സിക്യൂട്ടീവ് യോഗത്തിൽ സി ഹംസ ഹാജി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ഭാരവാഹികളായി പി. ജുനൈദ് റോയൽ ട്രെഡ്സ് (പ്രസിഡണ്ട്), രാധാകൃഷ്ണൻ കൈരളി (വൈസ് പ്രസിഡണ്ട്), എ. പി അബ്ദുൽ കരീം (സെക്രട്ടറി), മുഹമ്മദ് സ്വാദിഖ് പി (ജോ. സെക്രട്ടറി), കെ പി മുജീബ് റഹ്മാൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

ചെറുകിട വ്യവസായ അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് പി ജുനൈദ്, സെക്രട്ടറി എ പി അബ്ദുൽ കരീം

മഹായാഗത്തിന്റെ കൺവെൻഷൻ നാളെ

കോഴിക്കോട്: ഹനുമാൻ സേവ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടത്താൻ തീരുമാനിച്ച സപ്ത ചിരഞ്ജീവി മഹായാഗത്തിന്റെ വിപുലീകരണ യോഗം നാളെ ടൗൺ ഹാളിൽ നടക്കും.

ട്രസ്റ്റ് ചെയർമാൻ എ.എം. ഭക്തവത്സലന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന യോഗം മാതാ അംബികാ ചൈതന്യമയി ഉദ്ഘാടനം നിർവഹിക്കും. കുറുമ്പ നാട് രാജാവ് രാജാ രവിവർമ്മ ഭദ്രദീപം കൊളുത്തും. യജ്ഞാചാര്യൻ സദ്ഗുരു വ്യാസാനന്ദ ശിവയോഗി യാഗത്തിന്റെ പ്രസ്ക്തിയെ കുറിച്ച് പ്രഭാഷണം നടത്തും.

കോവൈ രാജേന്ദ്രൻ, ആചാര്യൻ ഹരിഹരൻ മാസ്റ്റർ, വിനോദ് കാട്ടുകാരൻ, പി. റിലേഷ് ബാബു, സുധീഷ് കേശവ പുരി , പി.സി ഹരീഷ്, വടകര വിജയൻ, പ്രദീപ് കാപ്പുക്കര, എന്നിവർ സംസാരിക്കും.

ഓണം സ്പെഷ്യൽ അരി വിതരണം അനിശ്ചിതത്വത്തിൽ

മഞ്ചേരി : ഓണം സ്പെഷ്യൽ അരി വിതരണം അനിശ്ചിതത്വത്തിലായി. ഇക്കഴിഞ്ഞ 20 മുതൽ സംസ്ഥാനത്ത് ഓണം സ്പെഷ്യൽ അരി വിതരണം ചെയ്യുമെന്നായിരുന്നു മന്ത്രിയുടെ പ്രഖ്യാപനം.

ഇതിനുള്ള അലോട്ട്മെന്റ് ആകാത്തതാണ് കാരണമെന്ന് കടയുടമകൾ പറയുന്നു. സെപ്റ്റംബർ മാസത്തെ നോർമൽ കോട്ട എടുത്താണ് ആഗസ്റ്റ് മാസത്തെ നോർമൽ അരിയും സ്പെഷ്യൽ അരിയും വിതരണം നടത്തുന്നത്. ഇരുപതു ശതമാനം പേർക്ക് നൽകുവാനുള്ള അരിയാണ് ഇപ്പോഴുള്ളത്. നീല കാർഡിനുള്ള അരി പതിനഞ്ചു ശതമാനവും വെള്ളക്കാർഡിനുള്ള അരി മുപ്പതു ശതമാനവും വീതമാണ് ഗോഡൗണിൽ സ്റ്റോക്ക് ഉള്ളത്.

57 ക്വിന്റൽ അരി വിൽക്കേണ്ട റേഷൻ കടയിലേക്ക് 12 ക്വിന്റൽ അരിയാണ് ഗോഡൗണിൽ നിന്നും നൽകുന്നത്. ഇക്കാരണം കൊണ്ട് റേഷൻ കടക്കാരും കാർഡുടമകളും തമ്മിൽ വാക്കേറ്റം പതിവാണ്.

പത്ത് കിലോ വീതം ലഭിക്കുമെന്ന് മന്ത്രി പറഞ്ഞ സ്പെഷ്യൽ അരി രണ്ട് കിലോ വീതം നൽകുവാൻ മാത്രമാണ് എത്തുന്നതെന്ന് കടയുടമകൾ പരാതിപ്പെടുന്നു.

പരീക്ഷാഭവൻ സേവനങ്ങളിൽ 26ന് നിയന്ത്രണം

തേഞ്ഞിപ്പലം : ഫയലുകൾ തീർപ്പാക്കുന്നതിനായുള്ള അദാലത്ത് നടത്തുന്നതിനാൽ 26-ന് പരീക്ഷാഭവൻ സേവനങ്ങളിൽ നിയന്ത്രണം. അദാലത്തിനല്ലാത്ത വിദ്യാർഥികൾ ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ ഒഴികെ പരീക്ഷാ ഭവൻ സന്ദർശിക്കരുതെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു. . അന്വേഷണങ്ങൾക്കായി വിദ്യാർഥികൾ സർവ്വകലാശാല വെബ്സൈറ്റിൽ നൽകിയിരിക്കുന്ന സുവേഗ നമ്പറിൽ ബന്ധപ്പെടുകയോ മറ്റ് ഓൺലൈൻ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയോ ചെയ്യുകയും അപേക്ഷകൾ തപാൽ വഴിയോ ഓൺലൈനായോ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ പരീക്ഷാഭവൻ സന്ദർശിക്കുകയാണെങ്കിൽ വിദ്യാർഥികൾ ഹാൾടിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ രേഖകളും, അത്യാവശ്യം ബോധ്യപ്പെടുത്തുന്ന രേഖകളും ഹാജരാക്കേണ്ടതാണ്.

കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്
രജിസ്റ്റേർഡ് ഓഫീസ്: 27 BKC, C 27, G ബ്ലോക്ക്, ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര (E), മുംബൈ-400051
ബ്രാഞ്ച് ഓഫീസ്: നമ്പർ.22, ഐഎൻജി ഹൗസ്, എംജി റോഡ്, ബാംഗ്ലൂർ-560001.

ഡിമാൻഡ് നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റിന്റെ കീഴിലെ 13 (2), 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസിലെ റൂൾ 3(1) ചേർത്തു വായിക്കുക
താഴെപ്പറയുന്നതെന്തെന്നാൽ സെക്ഷൻ 13(12)നു കീഴിൽ അനുവദിച്ചിട്ടുള്ള അധികാരമുപയോഗിച്ച്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 3 ചേർത്തു വായിക്കുക, സെക്ഷൻ 13 (12) പ്രകാരം അയച്ച ഡിമാൻഡ് നോട്ടീസിൽ വ്യക്തമാക്കിയിരിക്കുന്ന പ്രകാരം 60 ദിവസത്തിനുള്ളിൽ പണം തിരിച്ചടക്കണമെന്നാവശ്യപ്പെട്ട് വായ്പ്പക്കാർ/സഹവായ്പ്പക്കാർ/ജാമ്യക്കാർ (ബ്ലിജേഴ്സ്), നിയമപരമായ അവകാശികൾ/നിയമപരമായ പ്രതിനിധികൾ എന്നിവരോട് താഴെ ഒപ്പിട്ടിരിക്കുന്ന കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന്റെ (കെഎംബിഎൽ) അംഗീകൃത ഓഫീസർ ആവശ്യപ്പെട്ടിരുന്നു.നോട്ടീസിലെ വിശദാംശങ്ങൾ ഒന്നു കൂടി വ്യക്തമാക്കുന്നു. ബ്ലിജേഴ്സ്/ നിയമപരമായ അവകാശികൾ/നിയമപരമായ പ്രതിനിധികൾ എന്നിവർ അറുപതു ദിവസത്തിനുള്ളിൽ നോട്ടീസിൽ നൽകിയിരിക്കുന്ന തുക നോട്ടീസിൽ പറഞ്ഞിരിക്കുന്ന തിയതിക്കൊപ്പം തിരിച്ചടക്കേണ്ടതാണ്. വായ്പാതുക തിരിച്ചടക്കുമെന്ന് ഉറപ്പാക്കാൻ ജാമ്യവസ്തു കെഎംബിഎല്ന് വായ്പ്പക്കാരൻ ഈട് നൽകിയിരിക്കുന്നതാണ്.

Sl No	വായ്പ്പക്കാരന്റെ / ഗ്യാരന്ററുടെ പേര്	എൻ പി എ തിയതി, ഡിമാൻഡ് നോട്ടീസ് തിയതി, തുക	സ്ഥാവര വസ്തുവിന്റെ വിശദാംശങ്ങൾ
1	1. ലോൺ അക്കൗണ്ട് നമ്പർ HF37746470 (CRN312022593) 1) മിസിസ് രഖു ബഡാജെ, നമ്പർ 2012, 5വർ-ബി, ഗോൾഡൻ പനോരമ, ഗുബ്ബലാലു വില്ലേജ്, ഉത്തരഹള്ളി ഹൊബ്ലി, ബാംഗ്ലൂർ- 560061 (വായ്പക്കാരൻ). മറ്റൊരു വിലാസം: മിസിസ് രഖു ബഡാജെ, നമ്പർ 3, 6ത് എ ക്രോസ്, 11ത് മെയിൻ, ഹൊസ്സാന്ദ്ര, ബേഗൂർ മെയിൻ, ബാംഗ്ലൂർ- 560068. മറ്റൊരു വിലാസം: മിസിസ് രഖു ബഡാജെ, ശ്രീനിവാസ് നിലയ, പാഡു ബാൽ, ബഡാജെ പിഒ, മഞ്ചേശ്വരം പിഒ, കാസർഗോഡ്, കേരള- 671323. 2) മിസ്റ്റർ ഗോപാലകൃഷ്ണ ഭട്ട്, നമ്പർ 2012, 5വർ-ബി, ഗോൾഡൻ പനോരമ, ഗുബ്ബലാലു വില്ലേജ്, ഉത്തരഹള്ളി ഹൊബ്ലി, ബാംഗ്ലൂർ- 560061, മറ്റൊരു വിലാസം: മിസ്റ്റർ ഗോപാലകൃഷ്ണ ഭട്ട്, ശ്രീനിവാസ് നിലയ, പാഡു ബാൽ, ബഡാജെ പിഒ, മഞ്ചേശ്വരം പിഒ, കാസർഗോഡ്, കേരള- 671323 (സഹ- വായ്പക്കാരൻ/ഗ്യാരന്റർ).	എൻപിഎ തിയതി: 09-07-2022 ഡിമാൻഡ് നോട്ടീസ് തിയതി:19-08-2022 രൂപ 29,22,132.37 പൈസ (ഇരുപത്തൊമ്പതു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നൂറ്റിമുപ്പത്തിരണ്ടു രൂപ മുപ്പത്തേഴു പൈസ മാത്രം) 18-08-2022ന്.	ജാമ്യം നൽകിയിരിക്കുന്നത് താഴെ പറയുന്ന പ്രോപ്പർട്ടികൾ: യൂണിറ്റ് നമ്പർ 2012, രണ്ടാം നില, "ഗോൾഡൻ പനോരമ"യിൽ 1210 ചതുരശ്ര അടി, 818 ചതുരശ്ര അടി സൂപ്പർ ബിൽറ്റ് അപ് ഏരിയ, കാർപ്പറ്റ് ഏരിയ 511 ചതുരശ്ര അടി, ഷെഡ്യൂൾഡ് പ്രോപ്പർട്ടിയിലെ ഭൂമിയുടെ അവിഭാജിത ഓഹരി വിഹിതം, പ്രോപ്പർട്ടി സർവെ നമ്പർ 42 & 44, സ്ഥിതിചെയ്യുന്നത് ഗുബ്ബലാലു വില്ലേജ്, ഉത്തരഹള്ളി ഹൊബ്ലി, ബാംഗ്ലൂർ സൗത്ത് താലൂക്ക്, ബാംഗ്ലൂർ , അതിർത്തികൾ: കിഴക്ക്: സർവെ നമ്പർ 44ലെ ബാക്കിയുള്ള ഭൂമി, പടിഞ്ഞാറ്: സർവെ നമ്പർ 43, വടക്ക്: സർവെ നമ്പർ 44 & 48ലെ ബാക്കിയുള്ള ഭൂമി, തെക്ക്: സർവെ നമ്പർ 42ലെ ബാക്കിയുള്ള ഭൂമി

വായ്പ്പക്കാരൻ പണം തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടാൽ സെക്ഷൻ 13(4) പ്രകാരം കെഎംബിഎല്ന് ബ്ലിജേഴ്സ്/ നിയമപരമായ അവകാശികൾ/ നിയമപരമായ പ്രതിനിധികൾ എന്നിവർ ഈടു നൽകിയിരിക്കുന്ന വസ്തുവിനെതിരെ തുടർനടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുന്നു. ഈ നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള വസ്തുവിൽ യാതൊരു വിധത്തിലുള്ള ഇടപാടുകളും അനുവദിക്കുന്നതല്ലെന്നും അത്തരത്തിലുള്ള നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ താഴെപ്പറയുന്ന തുകയും അതിന്റെ പലിശയും മറ്റു ചിലവുകളും അടക്കമുള്ള തുക കെഎംബിഎല്ന് നൽകേണ്ടതാണെന്നും വായ്പ്പക്കാരനെയും പൊതുജനങ്ങളെയും അറിയിക്കുന്നു.

സ്ഥലം: 25.08.2022, സ്ഥലം: ബാംഗ്ലൂർ
ഒപ്പ് /- അംഗീകൃത ഓഫീസർ , കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്

പണയത്തിലിരിക്കുന്ന സ്വർണാഭരണങ്ങൾ വിൽക്കാൻ സഹായിക്കുന്നു

മേഘ ഗോൾഡ്

9895251871

POONAWALLA HOUSING FINANCE
Apna Ghar, Apni Pehchan

പൂനാവാല്ല ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്
(മുൻപ് മാഗ്മ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്നത്)
രജിസ്ട്രേഡ് ഓഫീസ്: 602, 6TH ഫ്ലോർ, സീറോ വൺ ഐറ്റി പാർക്ക്, എസ്.ആർ നമ്പർ. 79/1, ഘോർപ്പടി, മുന്ദ്വ റോഡ്, പൂനെ 411036. ഓഫീസ് യൂണിറ്റ് - II ലെവൽ, സെക്കൻഡ് ഫ്ലോർ, വെങ്കടനാരായണ റോഡ്, ടി നഗർ, ചെന്നൈ, 600017

ഇ- ലേല വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷനും റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ സെക്യൂരിറ്റി ആക്റ്റ് , 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് എൻഫോഴ്സ്മെന്റ് (ഇനിമുതൽ 'നിയമം' എന്ന് വിളിക്കുന്നു) പ്രകാരം സുരക്ഷിതമായ സ്ഥാവര സ്വത്തിന്റെ വിൽപ്പന [illegible] www.poonawallahousing.com.

പ്രൊപ്പോസൽ നമ്പർ, കസ്റ്റമറുടെ പേര് (A)	ഡിമാൻഡ് നോട്ടീസ് തിയതികുടിശ്ശിക തുക (B)	ജപ്തിയുടെ സ്വഭാവം (C)	പ്രോപ്പർട്ടിയുടെ വിശദാംശങ്ങൾ (D)	റിസർവ് തുക (E)	ഇഎംഡി (ആർ പി യുടെ 10%) (F)	ഇഎംഡി സമർപ്പിക്കേണ്ട തിയതി (G)	ബിഡ് ഇൻക്രിമെന്റ് (H)	പ്രോപ്പർട്ടി പരിശോധന തിയതി & സമയം (I)	ലേല തിയതി, സമയം (J)	അറിയപ്പെടുന്ന ബാധ്യതകൾ ഉണ്ടെങ്കിൽ (K)
ലോൺ അക്കൗണ്ട് നമ്പർ HL/0121/H/14/100016 സുജിത് കുമാർ (വായ്പ്പക്കാരൻ), സൂര്യ വി.കെ., എസ്ടെക് സിസ്റ്റംസ് (സഹ വായ്പ്പക്കാരൻ)	നോട്ടീസ് തിയതി: 20/09/2017 Rs. 11,43,028/- (പതിനൊന്ന് ലക്ഷത്തി നാൽപ്പത്തിമൂന്നായിരത്തി ഇരുപത്തിയെട്ട് രൂപ) 05.08.2017 വരെയുള്ള തുകയും അതിനുശേഷം 13 ശതമാനം വാർഷികപലിശയും	ഫിസിക്കൽ	കേരളം 673029, കോഴിക്കോട്, പന്നിയങ്കര വില്ലേജിൽ റീസർവെ നമ്പർ 22-11-460ൽ [illegible] സർവെ നമ്പർ 460 & സർവെ നമ്പർ 372/14-ലെ 3.63 സെന്റിൽ ഉൾപ്പെട്ടിട്ടുള്ളത്	Rs. 858,600/- (എട്ട് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി അറുന്നൂറ് രൂപ മാത്രം)	85,860/ (എൺപത്തയ്യായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം)	12/09/2022 വൈകിട്ട് അഞ്ച് മണിക്ക് മുമ്പ്	10,000/-	06/09/2022 (രാവിലെ 11നും വൈകിട്ട് 4നും ഇടയിൽ)	13/09/2022 (രാവിലെ 11നും ഉച്ചയ്ക്ക് 2നും ഇടയിൽ)	ഇല്ല

കൂടുതൽ വിവരങ്ങൾക്കും സംശയങ്ങൾക്കും, അംഗീകൃത ഓഫീസർ മിസ്റ്റർ ഇഖ്ബാൽ ആലം (മൊബൈൽ # 9958195453)ബന്ധപ്പെടുക

[illegible]

[illegible] +91 93100 29933/+91 98100 29926 (TEL) +91 124 4 233 932, ഇമെയിൽ ഐഡി:- CSD@DisposalHub.Com. (CSD) സെൽ നമ്പർ. (എം) : +91 93100 29933/+91 98100 29926 (TEL) +91 124 4 233 933. [illegible] NEFT/RTGS/DD [illegible] (EMD) [illegible] അക്കൗണ്ട് നമ്പർ-000651000460, IFSC കോഡ്- ICIC0000006, 20, ആർ എൻ മുഖർജി റോഡ്- കൊൽക്കത്ത-700001 [illegible] https://DisposalHub.IDCom-ൽ [illegible] ചെന്നൈ 600 017 - 560002, മൊബൈൽ നമ്പർ. +91 8129999559, ഇ-മെയിൽ ഐഡി [illegible]@poonawallahousing.com [illegible]

തിയതി: 25.08.2022
സ്ഥലം: കേരളം

അംഗീകൃത ഓഫീസർ പൂനവല്ല ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്
(മുമ്പ് മാഗ്മ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്നത്)

ADMISSION STARTED
DEGREE / DIPLOMA
UGC Approved University Certification

- B.Voc Degree in Automobile Servicing Technology - 3 years
  Eligibility: Plus 2 / ITI / VHSE and above
- Diploma in Automobile Engineering - 3 years
- Diploma in Mechanical Engineering - 3 years
- Voc. Diploma in Auto Diagnosis & Repair - 1 year
  Eligibility: SSLC and above

★ Practical oriented classes
★ Internship training at various authorized service centres
★ Fee in easy instalments ★ Placement assistance

Kuttukaran Institute
Fr.Vadakkan Road, Opp. Skyline Villas, Mundupalam, Thrissur - 680 001.
T: 0487-2421879, 2441706. M: 9387580025, 9745926999. Email: kihrdtcr@gmail.com